## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2038.** **05.10.2016 ന് മറുപടിയ്ക്ക്**

## ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനുള്ള നിയമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | നിരോധിക്കപ്പെട്ട ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് നിലവിലുള്ള നിയമം പര്യാപ്തമാണോ; | (എ) | നിരോധിക്കപ്പെട്ട ലഹരിവസ്തുക്കളുടെ ഉപയോഗം തടയുന്നതിന് നിലവിലുള്ള നിയമം പര്യാപ്തമല്ല. മയക്കമരുന്നുകൾ കൈവശം വയ്ക്കുന്നതും കടത്തുന്നതുമായ കേസുകൾ അവയുടെ അളവിന്റെ അടിസ്ഥാനത്തിൽ വേർതിരിച്ചതു മൂലം മയക്കമരുന്നുകളുടെ വ്യാപനം ഫലപ്രദമായി തടയുന്നതിന് പലപ്പോഴും തടസ്സങ്ങൾ നേരിടുന്നുണ്ട്. നിലവിലുള്ള എൻ.ഡി.പി.എസ് ആക്റ്റിലെ പഴുതുകൾ പ്രയോജനപ്പെടുത്തി മേജർ കേസുകൾ ഒഴികെ നിലവിൽ മറ്റെല്ലാ കേസുകൾക്കും അപ്പോൾ തന്നെ പ്രതിക്ക് ജാമ്യം കിട്ടുമെന്നിരിക്കെ ടി കേസിന്റെ തെളിവുകൾ നശിപ്പിക്കുവാനും, കൂടുതൽ അന്വേഷണം നടത്തി ഇതുമായി ബന്ധപ്പെട്ട മറ്റുള്ള പ്രതികളെ പിടികൂടുന്നതിനും സാധിക്കാതെ വരികയും, ടി കേസുകൾ കോടതിയിൽ നിലനിൽക്കാതെ പോവുകയോ, ചെറിയ തുക പിഴയടപ്പിച്ച് തീർപ്പ കല്പിക്കുകയോ ചെയ്യേണ്ടി വരുന്നുണ്ട്. |
| (ബി) | നിലവിലുള്ള നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുവാൻ | (ബി) | കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കൾ വിപണനം ചെയ്യുന്നവർക്കെതിരായി കേന്ദ്രനിയമമായ |

| | | | |
|---|---|---|---|
| | ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | | എൻ.ഡി.പി.എസ്. ആക്ട് 1985 പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്യുന്നത്. നിലവിലെ എൻ.ഡി.പി.എസ്. നിയമപ്രകാരം 999 ഗ്രാം വരെ കഞ്ചാവ് കൈവശം വച്ച് കൈകാര്യം ചെയ്യുന്ന കുറ്റവാളികളെ കോടതിയിൽ ഹാജരാക്കുമ്പോൾ തന്നെ ജാമ്യം കിട്ടുന്ന നിയമ വ്യവസ്ഥയാണുള്ളത്. ഇത്തരം പ്രതികൾക്ക് ലഭിക്കാവുന്ന ശിക്ഷ 6 മാസം വരെ കഠിനതടവോ, പതിനായിരം രൂപ വരെ പിഴയോ, രണ്ടും കൂടിയോ ആണ്. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ടി ശിക്ഷ തുലോം കുറവായതിനാൽ, കുറ്റകൃത്യങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ കേന്ദ്രനിയമമായ എൻ.ഡി.പി.എസ്. ആക്ട് 1985 ൽ ചില നിർണ്ണായക ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**